# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2840  09.05.17 ൽ മറുപടിയ്ക്ക്

**ബീക്കൺലൈറ്റുകളുടെ ഉപയോഗം**

| ചോദ്യം<br>ശ്രീ.എൻ .എ.നെല്ലിക്കുന്ന് | | മറുപടി<br>ശ്രീ.തോമസ് ചാണ്ടി<br>(ഗതാഗത വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ഏതെല്ലാം വിഭാഗത്തിൽപ്പെട്ടുന്നവർ വിവിധതരത്തിലുള്ള ബീക്കൺലൈറ്റുകൾ ഉപയോഗിച്ചുവരുന്നു; | (എ) | ബീക്കൺ ലൈറ്റ് ഘടിപ്പിക്കുവാൻ അനുവാദമുണ്ടായിരുന്ന ഉദ്യോഗസ്ഥരുടെ വിവരം സർക്കാരിന്റെ വിവിധ വിജ്ഞാപനങ്ങളിൽ ഉൾപ്പെടുത്തിയിരുന്നു. ഇതിൻപ്രകാരം സംസ്ഥാന ഗവർണർ, മുഖ്യമന്ത്രി, ചീഫ് ജസ്റ്റിസ്, സ്പീക്കർ, പ്രതിപക്ഷ നേതാവ്, മന്ത്രിമാർ, പ്ലാനിംഗ് ബോർഡ് വൈസ് ചെയർമാൻ, ഹൈക്കോടതി ജഡ്ജിമാർ എന്നിവരുടെ വാഹനങ്ങളിൽ ചുവന്ന ഫ്ലാഷറോടുകൂടിയ ലൈറ്റ് ഉപയോഗിക്കാമായിരുന്നു.<br>ഡെപ്യൂട്ടി സ്പീക്കർ, ചീഫ് സെക്രട്ടറി, അഡ്വക്കേറ്റ് ജനറൽ, ഇലക്ഷൻ കമ്മീഷണർ, പബ്ലിക് സർവ്വീസ് കമ്മീഷൻ ചെയർമാൻ, ന്യൂനപക്ഷ കമ്മീഷൻ ചെയർമാൻ, പട്ടികജാതി-പട്ടികവർഗ്ഗ കമ്മീഷൻ ചെയർമാൻ എന്നിവർക്ക് ഫ്ലാഷറില്ലാത്ത ചുവന്ന ലൈറ്റ് ഘടിപ്പിക്കാവുന്നതായിരുന്നു. കൂടാതെ മേൽ പരാമർശിക്കുന്ന വിശിഷ്ട വ്യക്തികളുടെ തുല്യപദവിയിൽ നിയുക്തരായിട്ടുള്ളവർക്കും, യഥാക്രമം ഫ്ലാഷറോടുകൂടിയതും അല്ലാത്തതുമായ ചുവന്ന ലൈറ്റ് ഉപയോഗിക്കാവുന്നതായിരുന്നു.<br>എസ്കോർട്ട്/പൈലറ്റ് പോവുന്ന പോലീസ് വാഹനങ്ങൾ, പബ്ലിക് സർവ്വീസ് കമ്മീഷൻ അംഗങ്ങൾ, പ്ലാനിംഗ് ബോർഡ് അംഗങ്ങൾ, ഗവൺമെന്റ് സെക്രട്ടറിമാർ, ജില്ലാ ജഡ്ജിമാർ, ജില്ലാ കളക്ടർ, നോർക്കയുടെ വൈസ് ചെയർമാൻ, ജില്ലാ പോലീസ് മേധാവികളും അതിലും ഉയർന്ന പോലീസ് ഉദ്യോഗസ്ഥരും. ട്രാൻസ്പോർട്ട് കമ്മീഷണർ, കേരളത്തിലെ സർവ്വകലാശാലകളുടെ വൈസ് ചാൻസലർമാർ. |

| | | | |
|---|---|---|---|
| | | | ഇന്ത്യൻ ഫോറസ്റ്റ് സർവ്വീസിലെ അഡീഷണൽ ചീഫ് കൺസർവേറ്ററും അതിലും ഉയർന്ന ഉദ്യോഗസ്ഥരും, എൻക്വയറി കമ്മീഷൻ& സ്പെഷ്യൽ ജഡ്ജ്, വിജിലൻസ് ട്രൈബ്യൂണൽ, കമാണ്ടന്റ് കം ഡിവിഷണൽ സെക്യൂരിറ്റി ഓഫീസർ-റെയിൽ വേ പ്രൊട്ടക്ഷൻ ഫോഴ്സ് എന്നിവർക്ക് ഫ്ലാഷറുള്ളതോ ഇല്ലാത്തതോ ആയ നീല ബീക്കൺ ലൈറ്റ് ഉപയോഗിക്കാവുന്നതായിരുന്നു.<br>ആംബുലൻസ്, ഫയർ സർവ്വീസ്, എമർജൻസി സർവ്വീസ് വാഹനങ്ങൾ, ക്രമസമാധാനവുമായി ബന്ധപ്പെട്ട പോലീസ് വാഹനങ്ങൾ, വനം വകപ്പിലെ ടെറിറ്റോറിയൽ വിഭാഗം, വൈൽഡ് ലൈഫ്, ഫ്ലയിംഗ് സ്ക്വാഡ് എന്നിവയുടെ ചുമതലയുള്ള ഉദ്യോഗസ്ഥർ എന്നിവർക്ക് മൾട്ടികളേഡ് ബീക്കൺ ലൈറ്റ് ഉപയോഗിക്കാവുന്നതായിരുന്നു. |
| (ബി) | കേന്ദ്ര സർക്കാർ തീരുമാനപ്രകാരം ഇതിനകം സംസ്ഥാനത്ത് ആരൊക്കെ ബീക്കൺ ലൈറ്റ് ഒഴിവാക്കിയിട്ടുണ്ട്; | (ബി) | ഇക്കാര്യത്തിൽ വിശദാംശങ്ങൾ ലഭ്യമായിട്ടില്ല. |
| (സി) | ബാക്കിയുള്ളവരുടെ കാര്യത്തിൽ എന്തു നടപടിയാണ് ഉദ്ദേശിക്കുന്നത്; | (സി)<br>&<br>(ഡി) | കേന്ദ്രസർക്കാരിന്റെ 2017 മെയ് ഒന്നാം തീയതിയിലെ SO1374(E) നമ്പർ വിജ്ഞാപനപ്രകാരം അനുവദിക്കപ്പെട്ടിട്ടുള്ള വിഭാഗങ്ങൾക്ക് ബീക്കൺ ലൈറ്റുകൾ ഉപയോഗിക്കുവാൻ കഴിയും. 29.04.2017-ലെ G.O.(Ms)46/2017/Trans. നമ്പർ പ്രകാരം ചുവന്ന ബീക്കൺലൈറ്റുകളുടെ ഉപയോഗം തടഞ്ഞുകൊണ്ടും, ബീക്കൺലൈറ്റുകളുടെ ഉപയോഗം ആംബുലൻസ്, പോലീസ്, ഫയർ ഫോഴ്സ് മുതലായ അവശ്യ സർവ്വീസുകൾക്ക് മാത്രമായി പരിമിതപ്പെടുത്തിക്കൊണ്ടും സംസ്ഥാന സർക്കാർ ഉത്തരവിറക്കിയിട്ടുണ്ട്. |
| (ഡി) | ബീക്കൺലൈറ്റ് സംബന്ധിച്ച് കേന്ദ്ര സർക്കാർ തീരുമാനത്തിൽ സംസ്ഥാന സർക്കാർ കൈക്കൊണ്ട നടപടികൾ വിശദീകരിക്കാമോ? | | |

സെക്ഷൻ ഓഫീസർ